<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4418</u> <u>01-07-2024 - ൽ മറുപടിയ്ക്ക്</u>

<u>സംരംഭക വർഷം പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീമതി സി. കെ. ആശ | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കുന്നതിനായി പുതിയ ദിശാബോധത്തോടെ സംരംഭകത്വ വികസന പദ്ധതികൾ ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളു വികസനം സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെ സഹായിക്കുന്ന ഘടകങ്ങളിലൊന്നാണ്. ഈ മേഖലയിൽ ഉദ്പാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത നടപ്പിലാക്കിവരുന്നു. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതി ലുപര സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയില വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കി നൽകിയും, വ്യവസായ തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകുകയും വഴി കേരളത്തെ മികച്ച നിക്ഷേപ സൗഹ സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br><br>ഇതിന്റെ ഭാഗമായി സംരംഭകവർഷം പദ്ധതി, സുസ്ഥിരത സർവ്വേ, മിഷൻ 1000 , MSME ഇൻഷ്വറൻസ് പദ്ധതി കേരളബ്രാൻഡ്, ക്യാംപസ് വ്യവസായ പാർക്കുകൾ ഇൻഡസ്ട്രീസ് അവാർഡ്സ്, മെയ്ക്ക് ഇൻ കേരള, മെന്റർഷിപ്പ് സംവിധാനം എന്നിങ്ങനെ പുതിയ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കു ന്നതിനായി വ്യവസായ വകുപ്പ് നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരികയും ചെയ്യുന്നു. തുടർന്നുള്ള ദിവസങ്ങളിൽ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളുടെ സംയോജനം കൂടുതൽ ശക്തിപ്പെടുത്തുന്നതിലൂടെയും വിവിധ മേഖലകളിൽ ശേഷിവികസനത്തിലൂടെയും, സാങ്കേതികവിദ കൈമാറ്റം, ഗുണനിലവാര സർട്ടിഫിക്കേഷൻ സ്ഥാപിക്കൽ എന്നിവയിലൂടെ വ്യവസായത്തിന് സുസ്ഥിരമായ ഒരു വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കാൻ പദ്ധതിയിടുന്നു. |
| (ബി) | സംരംഭക വർഷം പദ്ധതിയിലൂടെ തുടർച്ചയായ രണ്ടാം വർഷവും ഒരു ലക്ഷം സംരംഭങ്ങളെന്ന ലക്ഷ്യം സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായവകുപ്പ് നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങളുടെ ഫലമായി 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിൽ 1,03,596 പുതിയ സംരംഭങ്ങൾ കേരളത്തിൽ രൂപീകരിക്കപ്പെടുകയും, 7048.66 കോടി രൂപയുടെ നിക്ഷേപവും 2,18,179 പുതിയതൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുകയുംചെയ്തു. 2023 ഏപ്രിൽ **1** മുതൽ മാർച്ച് 13 വരെയുള്ള 348 ദിവസത്തെ കാലയളവി ലാണ് ഒരു ലക്ഷം പുതിയ സംരംഭങ്ങൾ എന്ന നേട്ടം കൈവരിച്ചിരിക്കുന്നത്.<br><br>സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തു 1/04/2022 മുതൽ 26/06/2024 വരെയുള്ള കണക്കുപ്രകാരം 2,52,997 സംരംഭങ്ങൾ ആരംഭിക്കുകയും അതുവഴി 16,212.20 കോടി രൂപയുടെ നിക്ഷേപവും 5,38,348 തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും സാധിച്ചു. |

| | | | |
|---|---|---|---|
| (സി) | സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭ മേഖലയുടെ വികസനത്തിനായി സർക്കാർ 'മിഷൻ 1000പദ്ധതി' നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | കേരളത്തിലെ MSME കളിൽ നിന്നും തിരഞ്ഞെടുത്ത 1000 MSME-കളെ നാല് വർഷത്തിനുള്ളിൽ ആകെ ഒരു ലക്ഷംകോടി വിറ്റുവരവുള്ള ബിസിനസുകളായി ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാരിന്റെ സ്കെയിൽ അപ്പ് മിഷൻപദ്ധതി, മിഷൻ 1000 വിഭാവനം ചെയ്തിട്ടുള്ളത്. വസ്തുനിഷ്ഠവും സുതാര്യവുമായ തിരഞ്ഞെടുപ്പ് സംവിധാനത്തിലൂടെ യാണ് എം.എസ്.എം.ഇ-കളെ സ്കെയിൽ അപ്പ് സ്കീമിനായി തിരഞ്ഞെടുക്കുന്നത്.<br><br>എം.എസ്.എം.ഇ-കളുടെ സ്കെയിലിംഗ് അപ്പ് സഹായ പദ്ധതിക്കുള്ള ഭരണാനുമതി നൽകുകയും സ്കീം മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>തിരഞ്ഞെടുക്കപ്പെട്ട യൂണിറ്റുകളുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ ആനുകൂല്യങ്ങൾ നൽകുന്നതാണ്:<br><br>1. മൂലധന നിക്ഷേപ സബ്സിഡി 40% വരെ (പരമാവധി 2 കോടിരൂപ)<br><br>2. പ്രവർത്തന മൂലധന വായ്പകൾക്ക് പലിശ നിരക്കിന്റെ 50% വരെ പലിശ ഇളവ് (50 ലക്ഷംരൂപ വരെ)<br><br>3. സ്കെയിൽ അപ്പ് ചെയ്യുന്നതിനുള്ള ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള സാമ്പത്തിക സഹായം (ഒരു സംരംഭത്തിന് ഒരുലക്ഷം രൂപ വരെ)<br><br>4. സാങ്കേതിക നവീകരണത്തിനും നൈപുണ്യവികസനത്തിനും പ്രത്യേക സഹായം<br><br>5. തിരഞ്ഞെടുത്ത ഓരോ സംരംഭങ്ങൾക്കും അവരുടെ വിവിധ സ്കെയിലിംഗ്-അപ്പ് അനുബന്ധപ്രവർത്തനങ്ങളിൽ അവർക്കു വേണ്ട മാർഗ്ഗനിർദേശങ്ങൾ നല്കുന്നതിനായും കൈത്താങ്ങ് സഹായം നല്കുന്നതിനായും വ്യവസായവകുപ്പിൽ നിന്ന് ഒരു ഉദ്യോഗസ്ഥനെ നിയോഗിക്കും<br><br>സ്കെയിൽ അപ്പ് മിഷനിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു ന്നതിന് MSME-കൾക്ക് ആവശ്യമായ മുൻകൂർ യോഗ്യതകൾ:<br><br>I. UDYAM രജിസ്ട്രേഷനോടുകൂടി കേരളത്തിൽ രജിസ്റ്റർ ചെയ്തവ ആയിരിക്കണം<br><br>II. 31/03/2023 വരെ കുറഞ്ഞത് 3 വർഷമെങ്കിലും പ്രവർത്തനം പൂർത്തീകരിച്ചിരിക്കണം<br><br>III. നിർമാണമേഖലയിലോ സേവനമേഖലയിലോ ഉള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവ ആയിരിക്കണം |

2023 ഏപ്രിൽ 10 ന് എം.എസ്.എം.ഇ-കൾക്ക അപേക്ഷിക്കാൻ ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച (https://mission1000.industry.kerala.gov.in). സ്കീമിന്റെ ഭാഗമായി അപേക്ഷിക്കുവാൻ ആവശ്യമായ മുൻകൂ യോഗ്യതകൾ ഉള്ള എം.എസ്.എം.ഇ യൂണിറ്റുകൾ ഈ ഓൺലൈൻ പോർട്ടലിൽ രജിസ്റ്റർ ചെയ്യുകയുണ്ടായി സമർപ്പിച്ച അപേക്ഷകളിലെ വിവരങ്ങളുടെ കൃത്യതയു സമർപ്പിച്ച അനുബന്ധരേഖകളും ബന്ധപ്പെട്ട ഐ.ഇ.ഒ എ.ഡി.ഐ.ഒ, ജില്ലാ വ്യവസായ കേന്ദ്രത്തിലെ ജനറൽ മാനേജർ മുതലായവർ പരിശോധിക്കുകയും, ഇങ്ങനെ പരിശോധിച്ച അപേക്ഷകൾ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലെ ബന്ധപ്പെട്ട ജനറൽ മാനേജർ വ്യവസായ വാണിജ ഡയറക്ടറേറ്റിന് കൈമാറുകയും ചെയ്തു.

തുടർന്ന്, നിക്ഷേപങ്ങൾ, വാർഷികവിറ്റുവരവുകൾ, ലാഭം ശേഷിവിനിയോഗം, കയറ്റുമതി, ജീവനക്കാർ, പ്രമോട്ടർമാരുടെ CIBIL സ്കോർ, മുൻഗണനാ മേഖലയിലുള്ള വ്യവസായങ്ങൾ ലഭിച്ച സർട്ടിഫിക്കേഷനുകളുടെ വിശദാംശങ്ങൾ തുടങ്ങിയ പോർട്ടലിൽ MSME-കൾ സമർപ്പിച്ച വിവരങ്ങളെ അടിസ്ഥാനമാക്കി, ഒരു സ്കോറിംഗ് മാനദണ്ഡം ഉപയോഗിച എം.എസ്.എം.ഇ-കളെ റാങ്ക് ചെയ്യുകയു ണ്ടായി.

താഴെ പറയുന്ന മാനദണ്ഡങ്ങൾക്ക് അനുസൃതമായി സ്കോറിംഗ് നടത്തിയാണ് മിഷൻ 1000 പദ്ധതിയിലേക്കുള്ള MSME-കളെ തിരഞ്ഞെടുക്കുന്നത്:

1. എം.എസ്.എം.ഇ ഏതെങ്കിലും മുൻഗണനാ മേഖലയിലാണോ പ്രവർത്തിക്കുന്നത്.

2. കഴിഞ്ഞ സാമ്പത്തിക വ ർഷത്തെ വാർഷിക വിറ്റുവരവ്.

3. കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലെ വിറ്റുവരവിലുള്ള ശരാശരി വർദ്ധന

4. കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലെ അറ്റാദായത്തിലുള്ള ശരാശരി വർദ്ധന

5. കയറ്റുമതി വിറ്റുവരവ് ( കഴിഞ്ഞ 3 സാമ്പത്തിക വർഷങ്ങളിലെ ഏറ്റവും ഉയർന്നത്)

6. കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലെ നിക്ഷേപത്തിലുള്ള ശരാശരി വർദ്ധന

7. മൊത്തം ഇൻസ്റ്റാൾ ചെയ്ത നിർമ്മാണ/സേവനശേഷിയുടെ ഉപയോഗ ശതമാനം

8. വിപുലീകരണ പ്രവർത്തനത്തിനുള്ള അടിസ്ഥാന സൗകര്യം/ഭൂമി ലഭ്യത

9. ക്രെഡിറ്റ്/ഹിസ്റ്ററി

| | | | |
|---|---|---|---|
| | | | 10 പ്രമോട്ടർമാരുടെ CIBIL സ്കോർ<br><br>11. സർട്ടിഫിക്കേഷനുകൾ (ISO,ZED,QMS,IS, etc.<br><br>12. കറന്റ് റേഷ്യോ<br><br>13. ശമ്പള ചെലവുകൾ വാർഷിക വിറ്റുവരവിന്റെ എത്ര ശതമാനം<br><br>14. കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷത്തിലെ ജീവനക്കാരുടെ എണ്ണത്തിലെ ശരാശരി വാർഷിക വളർച്ച.<br><br>2023 ഡിസംബർ 21 ന് ചേർന്ന വ്യവസായ വകു പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല അംഗീകാര കമ്മിറ്റിയുടെ (എസ്.എൽ.എ.സി) മുമ്പാകെ കൃത്യമായ പരിശോധന കൾക്കുശേഷം 152 അപേക്ഷകൾ മിഷൻ 1000 പദ്ധതിയുടെ ആദ്യബാച്ച് തിരഞ്ഞെടുക്കുവാൻ വേണ്ടി സമർപ്പിച്ചു. തുടർന്ന്, 152 അപേക്ഷകളിൽ, 88 അപേക്ഷകൾക്ക് എസ്.എൽ.എ.സി, മിഷൻ 1000 പദ്ധതിയിലേക്ക് അംഗീകാരം നൽകി.<br><br>2024 ഫെബ്രുവരി 29-ന് ചേർന്ന വ്യവസായ വകു പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല അംഗീകാരകമ്മിറ്റിയുടെ (എസ്.എൽ.എ.സി) മുമ്പാകെ കൃത്യമായ പരിശോധനകൾക്കു ശേഷം 103 അപേക്ഷകൾ മിഷൻ 1000 പദ്ധതിയുടെ രണ്ടാം ബാച്ച് തിരഞ്ഞെടുക്കുവാൻ വേണ്ടി സമർപ്പിച്ചു. തുടർന്ന്, 103 അപേക്ഷകളിൽ, 61 അപേക്ഷകൾക്ക് എസ്.എൽ.എ.സി, മിഷൻ 1000 പദ്ധതിയിലേക്ക് അംഗീകാരം നൽകി.<br><br>ഇതുവരെ ലഭിച്ച അപേക്ഷകളിൽ 255 അപേക്ഷകൾ SLAC യുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും അവയിൽനിന്നും 60 മാർക്കിന് മുകളിൽ സ്കോർചെയ്ത 149 അപേക്ഷകരെ മിഷൻ 1000 പദ്ധതിയിലേക്ക തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ കൂടുതൽ അപേക്ഷകൾ ലഭിച്ചു തുടങ്ങിയിട്ടുണ്ട്.<br><br>സ്കെയിൽ അപ്പ് മിഷൻ പദ്ധതി കേരളത്തിലെ എം.എസ്.എം.ഇ-കൾക്ക് അവരുടെ ബിസിനസ്സിൽ വളർച്ച കൈവരിക്കാനും വിജയത്തിന്റെ പുതിയ ഉയരങ്ങളിലെത്താനും ഒരു അതുല്യമായ അവസരം നൽകുന്നു കൂടാതെ, സുതാര്യമായ തിരഞ്ഞെടുപ്പ് സംവിധാനത്തിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന യൂണിറ്റുകൾക്ക് വിവിധ പ്രോത്സാഹനങ്ങൾ നൽകുന്നത് വഴി സംസ്ഥാനത്തെ സംരംഭങ്ങൾക്ക് വളർച്ചയുടെയും വികസനത്തിന്റെയു അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യും. |
| (ഡി) | പ്രാദേശിക വ്യാവസായിക ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതിനും | (ഡി) | കേരളത്തിലെ വ്യവസായ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും ചേർന്ന് നടത്തുന്ന ഒരു സംയുക്ത പദ്ധതിയാണ് ഒരു തദ്ദേശ സ്ഥാപനം ഒരു |

| | | | |
|---|---|---|---|
| | ഓരോ പഞ്ചായത്തും ഒന്നോ രണ്ടോ ഉൽപ്പന്നങ്ങളിൽ കേന്ദ്രീകരിച്ച് സംഘടിതമായി അസംസ്കൃത വസ്തുക്കൾ സംസ്കരിക്കുന്നതിനുള്ള സാധ്യതകൾ ആരായുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | | ഉൽപ്പന്നം (OLOP) പദ്ധതി. ആഗോള വിപണിയിൽ തനതായ ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനും വിപണനം ചെയ്യുന്നതിനും പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾ തിരിച്ചറിയുന്നതിനും പ്രോത്സാഹിപ്പിക്കുന്ന തിനും പദ്ധതി ലക്ഷ്യമിടുന്നു. കാർഷിക ഉൽപ്പന്ന ങ്ങൾക്ക് ന്യായമായ വിലയും, ഉൽപന്നങ്ങളുടെ മൂല്യവർദ്ധനവിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്കും സംരംഭകർക്കും ഗണ്യമായ വരുമാനവും നൽകാൻ പദ്ധതി ലക്ഷ്യമിടുന്നു.<br><br>ഉയർന്ന വിപണി സാധ്യതയുള്ള അതുല്യമായ ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിന് പ്രയോജനപ്പെട്ടു ത്താവുന്ന തരത്തിൽ സമൃദ്ധമായ പ്രകൃതി വിഭവങ്ങളാൽ അനുഗ്രഹീതമാണ് കേരളം. ഈ വിഭവങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും ആഗോള വിപണിയിലേക്ക് അവയെ പ്രോത്സാഹിപ്പിക്കുന്ന തിനുമുള്ള ഒരു ചുവടുവെപ്പാണ് OLOP പദ്ധതി. പദ്ധതി പ്രകാരം, ഓരോ തദ്ദേശ സ്വയംഭരണ തലത്തിലും പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾ ഉപയോഗിച്ച് നിർമ്മിക്കാൻ കഴിയുന്ന ഉൽപ്പന്നങ്ങളുടെ ഒരു പട്ടിക കണ്ടെത്താൻ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ ഒരു പഠനം നടത്തിയിട്ടുണ്ട്. ഈ പട്ടികയുടെ അടിസ്ഥാനത്തിൽ വിവിധ തദ്ദേശ സ്ഥാപനങ്ങൾ OLOP പദ്ധതി പ്രകാരം നിർമ്മിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമുള്ള അവരുടെ ഉല്പന്നങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി നിലവിൽ സംസ്ഥാനത്തെ 640 തദ്ദേശസ്ഥാപനങ്ങൾ അവരുടെ ഉൽപ്പന്നങ്ങൾ തിരഞ്ഞെടുത്തു കഴിഞ്ഞു.<br><br>വ്യവസായ വകുപ്പ്, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന OLOP പ്രോജക്ടുകളുടെ വികസനത്തിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡിപിആർ) തയ്യാറാക്കുന്നതിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് സഹായം നൽകുന്നു. OLOP പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ചെലവിലേക്ക് ഒരു തദ്ദേശ സ്ഥാപനത്തിന് 50,000 രൂപ വരെ സാമ്പത്തിക സഹായം നൽകും. ഈ സഹായം രണ്ട് ഘട്ടങ്ങളിലായാണ് നൽകുന്നത്.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് (ഡിപിആർ) തയ്യാറാക്കുന്നതിന് മുൻകൂറായി 50% തുക.<br><br>തദ്ദേശ സ്ഥാപന കൗൺസിലിൽ നിന്നുള്ള ശുപാർശയുടെ അടിസ്ഥാനത്തിൽ ഡിപിആർ പൂർത്തിയാക്കിയതിന് ശേഷം ബാക്കി 50% തുക.<br><br>പ്രസ്തുത പദ്ധതിയുടെ മാർഗനിർദേശങ്ങൾ അംഗീകരിച്ച ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് ടി പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ് . |

സെക്ഷൻ ഓഫീസർ